# കേരള നിയമസഭ
# 24.06.2014-ലെ മറുപടിക്ക്

**പതിമൂന്നാം കേരള നിയമസഭ**
പതിനൊന്നാം സമ്മേളനം
2014 ജൂൺ 24, ചൊവ്വ
നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ 303)

| മറുപടി നൽകുന്ന മന്ത്രിമാർ | | ചോദ്യനമ്പർ |
|---|---|---|
| ഊർജ്ജ വകുപ്പുമന്ത്രി | : | 3658 മുതൽ 3736 വരെ |
| സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി | : | 3737 മുതൽ 3781 വരെ |
| ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി | : | 3782 മുതൽ 3874 വരെ |
| വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി | : | 3875 മുതൽ 3924 വരെ |
| പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി | : | 3925 മുതൽ 3960 വരെ |

## വൈദ്യുതി ഉൽപ്പാദനത്തിന് പുതിയ പദ്ധതികൾ

3658 ശ്രീ. എ. റ്റി. ജോർജ്
,, ലൂഡി ലൂയിസ്
,, എ. പി. അബ്ദുള്ളക്കുട്ടി
,, എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി ഉൽപ്പാദനത്തിന് പുതിയ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഏതെല്ലാം പദ്ധതികളാണ് പുതുതായി ആസൂത്രണം ചെയ്തിട്ടുള്ളത്; വിശദാംശങ്ങൾ നൽകുമോ;

(സി) പ്രസ്തുത പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

# കേരള നിയമസഭ
## 24.06.2014-ലെ മറുപടിക്ക്

(ഡി) പ്രസ്തുത പദ്ധതികൾ പ്രകാരം എത്ര മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്; വിശദാംശങ്ങൾ നൽകുമോ;

(ഇ) പ്രസ്തുത പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

**കേരള നിയമസഭ**
**24.06.2014-ലെ മറുപടിക്ക്**

<u>എസ്കോ പദ്ധതി</u>

3659 ശ്രീ. അൻവർ സാദത്ത്
,, കെ. ശിവദാസൻ നായർ
,, ഡൊമിനിക് പ്രസന്റേഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി യുടെ ആഭിമുഖ്യത്തിൽ എസ്കോ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ;

(സി) ഊർജ്ജ സംരക്ഷണത്തിനായി ഉപഭോക്താക്കളെ ബോധവത്കരിക്കാനും പ്രോൽസാഹിപ്പിക്കാനും എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്;

(ഡി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കുമോ?

# കേരള നിയമസഭ
# 24.06.2014-ലെ മറുപടിക്ക്

<u>വൈദ്യുതി വിതരണമേഖല ശക്തിപ്പെടുത്തുന്നതിന് നടപടി</u>

3660 ശ്രീ. പി.എ. മാധവൻ
'' വർക്കല കഹാർ
'' ലൂഡി ലൂയിസ്
'' എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി വിതരണമേഖല ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം കർമ്മപദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്;

(ബി) ഈ സർക്കാരിന്റെ കാലത്ത് ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കുമോ;

(സി) പ്രസ്തുത പദ്ധതിക്കായി ഏതെല്ലാം തരം സബ് സ്റ്റേഷനുകളുടെയും അനുബന്ധ ലൈനുകളുടെയും നിർമ്മാണമാണ് പൂർത്തിയാക്കിയിട്ടുള്ളത്; വിശദമാക്കുമോ?

# കേരള നിയമസഭ
## 24.06.2014-ലെ മറുപടിക്ക്

<u>വീടുകളിൽ വൈദ്യുതി ഉല്പാദനം</u>

3661 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വീടുകളിൽ ഉല്പാദിപ്പിക്കുന്ന സൗരവൈദ്യുതി വിതരണ ലൈനിലേക്ക് കടത്തിവിടാൻ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് റെഗുലേറ്ററി കമ്മീഷൻ എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയത് എന്ന് വിശദമാക്കുമോ;

(ബി) ഇതുസംബന്ധമായി ബോർഡ് തെളിവെടുപ്പുകൾ നടത്തിയിരുന്നുവോ; എന്തെല്ലാം നിർദ്ദേശങ്ങളാണ് വന്നിട്ടുളളത് എന്ന് വ്യക്തമാക്കുമോ;

(സി) വിടുകളിൽ സൗരവൈദ്യുതി ഉല്പാദനം ലാഭകരമാക്കുന്നതിന് പകൽ ഉത്പാദിപ്പിക്കുന്ന വൈദ്യുതിക്ക് പകരമായി രാത്രി കാലത്ത് ഉപഭോക്താവിന് വൈദ്യുതി നൽകുന്ന പദ്ധതി ആവിഷ്കരിക്കുമോ?

# കേരള നിയമസഭ
# 24.06.2014-ലെ മറുപടിക്ക്

<u>കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ്</u>

3662 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ്, 2014 പ്രകാരം വൈദ്യുതി കണക്ഷനുവേണ്ടി എന്തെല്ലാം രേഖകളാണ് ഉപഭോക്താക്കൾ ഹാജരാക്കേണ്ടത് എന്ന് വ്യക്തമാക്കുമോ ;

(ബി) സപ്ലൈ കോഡിൽ പറഞ്ഞ പ്രകാരമുള്ള അപേക്ഷാ ഫോറം കെ.എസ്.ഇ.ബി. വിതരണം ചെയ്തിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ എന്ന് വിതരണം ചെയ്യാനാകുമെന്നാണ് കരുതുന്നത്?

# കേരള നിയമസഭ
## 24.06.2014-ലെ മറുപടിക്ക്

<u>വൈദ്യുതിചട്ടങ്ങൾ കർശനമായി നടപ്പാക്കാൻ നടപടി</u>

3663 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി ചട്ടങ്ങൾ കർശനമായി നടപ്പാക്കുന്നതിന് നിർദ്ദേശം നൽകുമോ ;

(ബി) വൈദ്യുതി നിയമത്തിലെ 139-ാം വകുപ്പ് എന്താണെന്ന് വ്യക്തമാക്കുമോ ;

(സി) വയറിംഗ് തൊഴിലാളികൾക്ക് പ്രത്യേകം ക്ഷേമനിധി ബോർഡ് രൂപീകരിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(ഡി) സി ക്ലാസ് കോൺട്രാക്ടർ ലൈസൻസിന്റെ പരിധി വർദ്ധിപ്പിക്കുമോ ;

(ഇ) എൽ.റ്റി/എച്ച്.റ്റി കണക്ഷൻ എത്രയും വേഗം ലഭിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 24.06.2014-ലെ മറുപടിക്ക്

ട്രാൻസ്ഫോമറുകൾക്ക് സുരക്ഷാവേലി

3664 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി വകുപ്പിന്റെ അധീനതയിലുള്ള ട്രാൻസ്ഫോമറുകൾക്കു ചുറ്റും സുരക്ഷാവേലി കെട്ടുന്നതിന് കെ.എസ്.ഇ.ബി. കരാറുകാരെ ചുമതലപ്പെടുത്താറുണ്ടോ ;

(ബി) ഇതിൻ പ്രകാരം ട്രാൻസ്ഫോമർ സ്ഥാപിച്ച സ്ഥലം മെറ്റലിംഗിനും കമ്പിവേലി കെട്ടുന്നതിനും യഥാക്രമം എന്ത് റേറ്റ് വീതമാണ് നിശ്ചയിച്ചിരുന്നതെന്ന് വ്യക്തമാക്കുമോ ; ആയതിന്റെ മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ ;

(സി) പ്രസ്തുത റേറ്റ് 17-2-2014 ലെ ഡി.ബി./റ്റി.ആർ ഫെൻസിംഗ്/13-14/എ.ഇ.ഇ./എ.സി.എൽ/185 പ്രകാരം പുതുക്കി നിശ്ചയിച്ചിട്ടുണ്ടോ ; ആയത് കുറവാണോ കൂടുതലാണോ എന്ന് വ്യക്തമാക്കുമോ

(ഡി) പ്രസ്തുത കാലയളവിൽ കമ്പിവേലി നിർമ്മാണത്തിനുള്ള സാധന സാമഗ്രികളുടെ വിലനിലവാരത്തിൽ വർദ്ധനവുണ്ടായിട്ടുണ്ടോ ;

(ഇ) ഇതര മേഖലകളിലെ എല്ലാ നിർമ്മാണ പ്രവൃത്തികളുടെയും റേറ്റുകൾ പുതുക്കി നിശ്ചയിച്ചിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത പ്രവൃത്തികൾക്കുള്ള റേറ്റും പുതുക്കി നിശ്ചയിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; വിശദാംശം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 24.06.2014-ലെ മറുപടിക്ക്

<u>പുതുക്കിപ്പണിത വീടിന് വൈദ്യുതി കണക്ഷൻ നൽകുന്നതിനുള്ള നടപടിക്രമങ്ങൾ</u>

3665 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പഴയ വീടുകൾ പൊളിച്ച് പുതുക്കി പണിയുമ്പോൾ നിലവിലുള്ള വൈദ്യുതി കണക്ഷൻ പുതിയ വീട്ടിലേക്ക് നൽകുന്നതിന് നിലവിലുണ്ടായിരുന്ന നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) നിലവിലുള്ള കണക്ഷൻ പുതുതായി നിർമ്മിച്ച വീടിന്റെ താരിഫിലേക്ക് ഉയർത്തുന്നതിനു പകരം പുതിയ കണക്ഷൻ എടുക്കണമെന്ന് ഉത്തരവോ നിർദ്ദേശമോ നൽകിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**24.06.2014-ലെ മറുപടിക്ക്**

<u>ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിച്ച നടപടി</u>

3666 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത എം.എൽ.എ.മാരുടെ എസ്.ഡി.എഫ് ഉൾപ്പെടെ വിവിധ പദ്ധതികളിൽ കെ.എസ്.ഇ.ബി. നേരിട്ടും കെ.എസ്.ഇ.ബി. ഏറ്റെടുത്ത പ്രവൃത്തിയായും ഹൈമാസ്റ്റ് ലൈറ്റുകൾ എവിടെയെല്ലാം സ്ഥാപിച്ചിട്ടുണ്ട്;

(ബി) സ്ഥാപിച്ച സ്ഥലങ്ങൾ, ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പേര്, പ്രവൃത്തി നടത്തിയ അക്രെഡിറ്റഡ് ഏജൻസി തുടങ്ങിയ വിവരങ്ങൾ വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് സർക്കാർ,കെ.എസ്.ഇ.ബി ഉൾപ്പെടെയുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ വിതരണം ഏറ്റെടുക്കുന്ന ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപനം, എൽ.ഇ.ഡി ലാമ്പ് മുതലായ പ്രവൃത്തികൾക്ക് കരാർ ഏൽപ്പിക്കാവുന്നതും കരാർ എടുക്കുന്നതിന് അംഗീകാരമുള്ളതുമായ അക്രെഡിറ്റഡ് ഏജൻസികൾ /അപ്രൂവ്ഡ് ഏജൻസികൾ ഏതെല്ലാം എന്ന് സ്ഥാപനത്തിന്റെ പൂർണ്ണമേൽവിലാസം സഹിതം വിശദമാക്കുമോ?

# കേരള നിയമസഭ
# 24.06.2014-ലെ മറുപടിക്ക്

<u>പവർകട്ടും ലോഡ്ഷെഡിംഗും</u>

3667 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഇപ്പോൾ പവർകട്ട്, ലോഡ്ഷെഡിംഗ് എന്നിവ നിലവിലുണ്ടോ;

(ബി) എങ്കിൽ എത്ര സമയമാണ് നിശ്ചയിച്ചിരിക്കുന്നത്;

(സി) സംസ്ഥാനത്തിന് ആവശ്യമുള്ള വൈദ്യുതിയുടെ എത്ര ശതമാനമാണ് നമ്മുടെ വൈദ്യുത നിലയങ്ങളിൽ നിന്ന് ഉൽപാദിപ്പിക്കുന്നത്;

(ഡി) കഴിഞ്ഞ ആറ് മാസങ്ങൾക്കുള്ളിൽ ഉൽപാദനത്തിൽ കുറവ് അനുഭവപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്ര യൂണിറ്റ് ആണെന്ന് അറിയിക്കുമോ;

(ഇ) ഇത് മറികടക്കാൻ എന്തൊക്കെ മാർഗങ്ങളാണ് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

# കേരള നിയമസഭ
## 24.06.2014-ലെ മറുപടിക്ക്

<u>മൂന്നാർ ടണൽ ഇൻലെറ്റിനു പുറത്ത് കച്ചവടത്തിന് അനുവാദം നൽകിയ നടപടി</u>

3668 ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം മൂന്നാർ ഹൈഡൽ ടൂറിസത്തിലേക്ക് എത്ര പേരെ നിയമിക്കുകയുണ്ടായി; ഏതു ജോലിക്കാണ് ഇവരെ നിയമിച്ചത്; എന്തു യോഗ്യതയായിരുന്നു വേണ്ടിയിരുന്നത്; ഏതു വ്യവസ്ഥയിലാണ് നിയമിച്ചത്; തുടങ്ങിയ വിവരങ്ങളുടെ വിശദാംശം നൽകാമോ;

(ബി) മൂന്നാർ ടണൽ ഇൻലെറ്റിന്റെ പുറത്ത് കച്ചവട സ്ഥാപനങ്ങളും ഹോട്ടലുകളും നടത്താൻ അനുവാദം നൽകിയിട്ടുണ്ടോ; കരാർ അടിസ്ഥാനത്തിലാണോ അനുവാദം നൽകിയത്; ഇപ്രകാരമുള്ള കരാറിന് നിയമസാധുത ഉണ്ടോ; കരാറിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) കരാർ നിയമപ്രകാരമാണെങ്കിൽ ആരൊക്കെയാണ് കരാരിൽ ഏർപ്പെട്ടത് എന്നും ഇപ്പോൾ ഡയറക്ടർ ഇൻ ചാർജ്ജായ ഉദ്യോഗസ്ഥന് കരാറിൽ ഏർപ്പെടാൻ അധികാരമുണ്ടോ എന്നും ഇതിന് നിയമസാധുത ഉണ്ടോയെന്നും അറിയിക്കുമോ; കാച്ച്മെന്റ് ഏരിയയിലും ടണൽ ഇൻലെറ്റിലും ഔട്ട് ലെറ്റിലും സർക്കാർ അനുമതിയില്ലാതെ കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ഡി) ഡി.ഡി. സിയിൽ ഹാജരാകണ്ട ആവശ്യമില്ല എന്ന് ഡയറക്ടർ ഡി.ഡി.സിയെ അറിയിച്ചത് ബോർഡിന്റെയോ സർക്കാരിന്റെയോ അനുവാദത്തോടെയാണോയെന്ന് വ്യക്തമാക്കുമോ;

(ഇ) തിരഞ്ഞെടുപ്പ് കാലത്ത് വിജ്ഞാപനം നിലനിൽക്കെ പുതിയ നിയമനം നടത്തിയത് എന്ത് അടിസ്ഥാനത്തിലാണ്; ഇതിനിടയായ സാഹചര്യം വിശദീകരിക്കാമോ?

## കേരള നിയമസഭ
## 24.06.2014-ലെ മറുപടിക്ക്

പവർകട്ടും ലോഡ് ഷെഡിംഗും

3669 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2006 ജൂൺ മാസം ഒന്നു മുതൽ 2011 മാർച്ച് മാസം 31 വരെയുള്ള കാലയളവിൽ സംസ്ഥാനത്ത് പവർകട്ട് ഉണ്ടായിരുന്നോ; ഉണ്ടായിരുന്നെങ്കിൽ എത്ര ദിവസം;

(ബി) 2011 ജൂൺ മാസം ഒന്നു മുതൽ 2014 മാർച്ച് മാസം 31 വരെയുള്ള കാലയളവിൽ സംസ്ഥാനത്ത് എത്ര ദിവസം പവർകട്ട് ഉണ്ടായിരുന്നു; അതിലൂടെ എത്ര വൈദ്യുതി മിച്ചം പിടിക്കാൻ കഴിഞ്ഞു; വിശദാംശം ലഭ്യമാക്കുമോ?

(സി) ലോഡ് ഷെഡിംഗ് ഏർപ്പെടുത്താതിരിക്കാനായി ഈ സർക്കാർ ഏതെല്ലാം പദ്ധതികൾ നടപ്പിലാക്കി; വിശദാംശം നൽകുമോ?

# കേരള നിയമസഭ
# 24.06.2014-ലെ മറുപടിക്ക്

<u>കെ.എസ്.ഇ.ബി യുടെ കമ്പനിവൽക്കരണം</u>

3670 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കെ.എസ്.ഇ.ബി യുടെ കമ്പനിവൽക്കരണവുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

**കേരള നിയമസഭ**
**24.06.2014-ലെ മറുപടിക്ക്**

<u>കേബിൾ ടി.വി. സംരംഭകരിൽ നിന്ന് ഈടാക്കുന്ന വൈദ്യുതി പോസ്റ്റ് വാടക</u>

3671 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേബിൾ ടി.വി. സംരംഭകർക്ക് കേബിളുകൾ സ്ഥാപിക്കുന്നതിന് വൈദ്യുതി പോസ്റ്റുകൾ അനുവദിച്ചുതുടങ്ങിയത് എന്നുമുതലാണ് ; എത്ര രൂപയാണ് ഒരു പോസ്റ്റിന് വാടക ഈടാക്കിയിരുന്നത് ; ഈ ആനുകൂല്യം ഏതൊക്കെ കേബിൾ ടി.വി. സംരംഭകർക്കാണ് ലഭിച്ചിരുന്നത് ;

(ബി) ചെറുകിട കേബിൾ ടി.വി. ഓപ്പറേറ്റർമാർക്ക് നിരക്ക് എത്രയായിരുന്നു ; കെ.എസ്.ഇ.ബി. പോസ്റ്റുകൾ കേബിൾ ടി.വി. ആവശ്യത്തിന് അനുവദിക്കുന്നതിന് കേരള ഹൈക്കോടതി മാർഗ്ഗ നിർദ്ദേശങ്ങൾ തയ്യാറാക്കാൻ ആവശ്യപ്പെട്ടിരുന്നോ ; എങ്കിൽ എന്നാണ്; ഇതു സംബന്ധിച്ച് തയ്യാറാക്കിയ ഗൈഡ്ലൈൻ പ്രകാരം നിരക്ക് എത്ര വീതമായിരുന്നു എന്ന് വ്യക്തമാക്കുമോ ;

(സി) ഇതിനുശേഷം എത്ര തവണ കെ.എസ്.ഇ.ബി. പോസ്റ്റ് വാടകയും അനുബന്ധ ഫീസുകളും വർദ്ധിപ്പിച്ചു ; ഏതൊക്കെ വർഷങ്ങളിൽ ;വ്യക്തമാക്കുമോ;

(ഡി) വിവിധ വിഭാഗങ്ങളിലായി ഓരോ തവണയും വരുത്തിയ വർദ്ധനവ് എത്രവീതമെന്ന് വ്യക്തമാക്കുമോ ; പ്രസ്തുത കാലയളവുകളിൽ ഏതെങ്കിലും കേബിൾ ടി.വി. കമ്പനികൾക്ക് പ്രസ്തുത നിരക്കിലല്ലാതെ പോസ്റ്റുകൾ വാടകയ്ക്ക് നൽകിയിട്ടുണ്ടോ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ഇ) കെ.എസ്.ഇ.ബി. പോസ്റ്റുകളുടെ വാടകയിൽ വരുത്തിയിട്ടുള്ള വൻവർദ്ധനവ് സംബന്ധിച്ച് ഹൈക്കോടതിയിൽനിന്നുണ്ടായ നിർദ്ദേശം എന്തായിരുന്നു ; ഈ നിർദ്ദേശം നടപ്പാക്കാതിരുന്നത് എന്തുകൊണ്ടാണെന്നറിയിക്കുമോ ;

(എഫ്) കേബിൾ ടി.വി. ഓപ്പറേറ്റേഴ്സ് അസോസിയേഷൻ സംസ്ഥാന കമ്മിറ്റി പ്രസ്തുത വിഷയം സംബന്ധിച്ച് സർക്കാരിനു സമർപ്പിച്ച നിവേദനത്തിലെ ആവശ്യങ്ങൾ അംഗീകരിക്കുന്നതിനും അവ നടപ്പാക്കുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

# കേരള നിയമസഭ
## 24.06.2014-ലെ മറുപടിക്ക്

<u>വൈദ്യുതിയുടെ പ്രതിമാസ ഉല്പാദനവും ഉപഭോഗവും</u>

3672 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രതിമാസ ശരാശരി വൈദ്യുതി ഉത്പാദനത്തിന്റെ അളവ് വ്യക്തമാക്കുമോ; 2012, 2013, വർഷങ്ങളിലെ ഉത്പാദനത്തിന്റെ അളവ് വേർ തിരിച്ച് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത കാലയളവിൽ എതെങ്കിലും അന്യസംസ്ഥാനങ്ങൾക്ക് വൈദ്യുതി വില്പന നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ ഇനത്തിൽ ബോർഡിന് എത്ര വരുമാനം ലഭിച്ചിട്ടുണ്ട്;

(സി) സംസ്ഥാനത്തിന്റെ ശരാശരി പ്രതിമാസ വൈദ്യുതി ഉപഭോഗം എത്രയെന്ന് വ്യക്തമാക്കുമോ; ഇതിൽ ഗാർഹികം, വ്യാപാരം എന്നിവ സംബന്ധിച്ച കണക്ക് വേർതിരിച്ച് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 24.06.2014-ലെ മറുപടിക്ക്

<u>വൈദ്യുതി വാങ്ങിയ വകയിലുണ്ടായ നഷ്ടം</u>

3673 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുറത്തുനിന്ന് വൈദ്യുതി വാങ്ങിയ വകയിൽ കെ.എസ്.ഇ.ബി.ക്ക് നഷ്ടമുണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ കഴിഞ്ഞ മൂന്ന് വർഷം എത്ര രൂപയുടെ നഷ്ടമാണ് ഉണ്ടായതെന്ന് വ്യക്തമാക്കുമോ;

(ബി) പുറത്തുനിന്ന് കൂടിയവിലയ്ക്ക് വൈദ്യുതി വാങ്ങേണ്ട സാഹചര്യം ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ കാരണം വിശദമാക്കുമോ;

(സി) ബോർഡിന്റെ വരുമാനത്തിന്റെ എത്ര ശതമാനമാണ് കഴിഞ്ഞ മൂന്നുവർഷം വൈദ്യുതി വാങ്ങാനായി ചെലവഴിച്ചത്;

(ഡി) വൈദ്യുതിക്ഷാമം നേരിടാൻ ഫലപ്രദമായ ആസൂത്രണം ഇല്ലാത്തതിനാലാണ് ബോർഡിന് വൻ നഷ്ടമുണ്ടായതെന്ന് കംപ്ട്രോളർ ആന്റ് ഓഡിറ്റ് ജനറലിന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**24.06.2014-ലെ മറുപടിക്ക്**

<u>കൂടംകുളം ആണവനിലയത്തിൽ നിന്നുള്ള വൈദ്യുതി വിഹിതം</u>

3674 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൂടംകുളം ആണവവൈദ്യുതി നിലയത്തിൽ നിന്ന് എത്ര മെഗാവാട്ട് വൈദ്യുതിയാണ് സംസ്ഥാനത്തിന് ലഭിക്കുന്നത്; എന്നു മുതൽ ലഭിച്ചു തുടങ്ങി;

(ബി) യൂണിറ്റിന് എത്ര രൂപ നിരക്കിലാണ് വൈദ്യുതി ലഭിക്കുന്നത്; വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 24.06.2014-ലെ മറുപടിക്ക്

ഊർജ്ജോത്പാദനം വർദ്ധിപ്പിക്കാൻ നടപടി

3675 ശ്രീ. എ. എ. അസീസ്
'' കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ജലവൈദ്യുത പദ്ധതികളാണ് നിലവിലുള്ളത്; ഏതൊക്കെ;

(ബി) ഓരോന്നിലും നവീകരണ പ്രക്രിയ അവസാനമായി നടത്തിയത് എന്നാണ്;

(സി) ഈ സർക്കാർ അധികാരമേറ്റശേഷം ഏതൊക്കെ പദ്ധതികളിൽ ഉത്പാദനം വർധിപ്പിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവെന്നറിയിക്കുമോ;

(ഡി) ഇതിലൂടെ എത്ര യൂണിറ്റ് വൈദ്യുതി അധികമായി ഉത്പാദിപ്പിക്കാൻ കഴിഞ്ഞിഞ്ഞുവെന്നറിയിക്കുമോ; വിശദാംശം ലഭ്യമാക്കുമോ;

(ഇ) നിലവിലുള്ള പദ്ധതികളിൽ ഉത്പാദനം വർധിപ്പിക്കാൻ കഴിയുന്ന എത്ര പദ്ധതികളുണ്ടെന്ന് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാകുമോ;

# കേരള നിയമസഭ
## 24.06.2014-ലെ മറുപടിക്ക്

<u>അതിരപ്പിള്ളി ജലവൈദ്യുത പദ്ധതി</u>

3676 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അതിരപ്പിള്ളി ജലവൈദ്യുതി പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതി നടപ്പാക്കുമ്പോഴുണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ മറികടക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത്; വിശദമാക്കുമോ ?

# കേരള നിയമസഭ
## 24.06.2014-ലെ മറുപടിക്ക്

<u>പെറ്റ് കോക്ക് വൈദ്യുതി നിലയം</u>

3677 ശ്രീമതി കെ.കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പെറ്റ് കോക്കിൽനിന്ന് വൈദ്യുതി ഉണ്ടാക്കുന്നതിനുള്ള നിലയം സ്ഥാപിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ഉണ്ടെങ്കിൽ നിലയത്തിന്റെ സ്ഥാപിത ശേഷി എത്രയാണെന്നും പെറ്റ് കോക്ക് വൈദ്യൂതി നിലയത്തിന്റെ നിർമ്മാണത്തിന് ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 24.06.2014-ലെ മറുപടിക്ക്

<u>കാസർഗോഡ് ജില്ലയിലെ മൈലാട്ടി ഡീസൽ പ്ലാന്റ്</u>

3678 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ മൈലാട്ടി ഡീസൽ പ്ലാന്റ് എന്നാണ് സ്ഥാപിച്ചത്; ഇതുസ്ഥാപിക്കുമ്പോൾ കെ.എസ്.ഇ.ബി. കമ്പനിയുമായി ഉണ്ടാക്കിയ കരാർ വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത ഡീസൽ പ്ലാന്റ് ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ;

(സി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കമ്പനിക്ക് കെ.എസ്.ഇ.ബി. കുടിശ്ശിക നൽകാനുണ്ടായിരുന്നോ;

(ഡി) ഈ സർക്കാരിന്റെ കാലത്ത് കമ്പനിക്ക് കെ.എസ്.ഇ.ബി. എന്തുതുക നൽകാനുണ്ട്; വിശദാംശങ്ങൾ അറിയിക്കുമോ;

(ഇ) വൈദ്യുതി ക്ഷാമം മൂലം ബുദ്ധിമുട്ടനുഭവിക്കുമ്പോൾ പ്രസ്തുത ഡീസൽ പ്ലാന്റിൽ നിന്ന് കെ.എസ്.ഇ.ബി. വൈദ്യുതി വാങ്ങാത്തത് എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 24.06.2014-ലെ മറുപടിക്ക്

<u>സൗജന്യ വൈദ്യുതി കണക്ഷൻ</u>

3679 ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അപേക്ഷ നൽകുന്നവർക്കെല്ലാം സൗജന്യ വൈദ്യുതി കണക്ഷൻ നൽകുന്ന പദ്ധതി സംബന്ധിച്ച വിശദാംശം നൽകുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഇതുവരെ എത്ര അപേക്ഷകൾ ലഭിച്ചു; എത്ര പേർക്ക് സൗജന്യ വൈദ്യുതി കണക്ഷൻ നൽകി; ജില്ല തിരിച്ച് വിശദാംശം നൽകാമോ;

(സി) സൗജന്യ വൈദ്യുതി കണക്ഷനുള്ള മാനദണ്ഡങ്ങളും ആർക്കാണ് അപേക്ഷ സമർപ്പിക്കേണ്ടതെന്നും വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 24.06.2014-ലെ മറുപടിക്ക്

<u>കൈവശാവകാശ സർട്ടിഫിക്കറ്റ് മാത്രമുള്ള</u>
<u>പാവങ്ങൾക്ക് വൈദ്യുതി കണക്ഷൻ</u>

3680 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യത്തിന്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

വീടു സ്ഥിതിചെയ്യുന്ന ഭൂമിക്ക് കൈവശാവകാശ സർട്ടിഫിക്കറ്റ് മാത്രമുള്ള പാവങ്ങൾക്ക് വൈദ്യുതി കണക്ഷൻ നൽകാനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 24.06.2014-ലെ മറുപടിക്ക്

<u>ഗാർഹിക ഉപഭോക്താക്കൾക്ക് സൗരോർജ പ്ലാന്റുകൾ</u>

3681 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗാർഹിക ഉപഭോക്താക്കൾക്കായി സൗരോർജ പ്ലാന്റുകൾ സ്ഥാപിച്ച് നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ സ്ഥാപനങ്ങളെയാണ് ആയതിനായി ചുമതലപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് ഗുണഭോക്താക്കൾ അടയ്ക്കേണ്ട വിഹിതം, ലഭിക്കുന്ന സബ്സിഡി തുക എന്നിവ പദ്ധതിയടിസ്ഥാനത്തിൽ വിശദീകരിക്കുമോ;

(സി) ഗുണഭോക്താക്കൾ അടയ്ക്കേണ്ട വിഹിതം കുറയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ;വിശദാംശങ്ങൾ ലഭ്യമാക്കുമോ?

**കേരള നിയമസഭ**
**24.06.2014-ലെ മറുപടിക്ക്**

<u>ഊർജ്ജ പ്രതിസന്ധി നേരിടാൻ നടപടി</u>

3682 ശ്രീ. സി. എഫ്. തോമസ്
,, റ്റി. യു. കുരുവിള
,, മോൻസ് ജോസഫ്
,, തോമസ് ഉണ്ണിയാടൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്രത്തിൽനിന്ന് കേരളത്തിനുള്ള വൈദ്യുതി വിഹിതത്തിൽ എത്ര കുറവ് വന്നിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) കായംകുളം താപവൈദ്യുതി നിലയത്തിന്റേതുൾപ്പെടെയുള്ള വൈദ്യുതിനിലയങ്ങളുടെ ശേഷി വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(സി) പാരമ്പര്യേതര ഊർജ്ജം കൂടുതൽ ഉത്പാദിപ്പിക്കുന്നതിനു സ്വീകരിച്ചുവരുന്ന നടപടി വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 24.06.2014-ലെ മറുപടിക്ക്

<u>കൂടംകുളത്തുനിന്നുള്ള വൈദ്യുതി വിഹിതം</u>

3683 ശ്രീ. പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതുതായി കമ്മീഷൻ ചെയ്ത കുടംകുളം വൈദ്യൂതി നിലയത്തിൽ നിന്നും കേരളത്തിന് ലഭിക്കേണ്ട വിഹിതം സംസ്ഥാനത്തിന് ലഭിക്കുന്നുണ്ടോ; എങ്കിൽ എത്ര വൈദ്യുതി ലഭിക്കുന്നുണ്ടെന്നറിയിക്കുമോ;

(ബി) കൂടംകുളത്തുനിന്നും വൈദ്യുതി സംസ്ഥാനത്തേയ്ക്ക് കൊണ്ടുവരുന്നതിന് ഇപ്പോൾ തടസ്സങ്ങൾ ഉണ്ടോ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുന്നുവെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
# 24.06.2014-ലെ മറുപടിക്ക്

<u>ഡീസല്‍ വൈദ്യുതി നിലയങ്ങളില്‍ ഗ്യാസ് അധിഷ്ഠിത യൂണിറ്റുകള്‍</u>

3684 ശ്രീ. ആര്‍. സെല്‍വരാജ്
,, എം. എ. വാഹീദ്
,, പി. എ. മാധവന്‍
,, റ്റി. എന്‍. പ്രതാപന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ ഡീസല്‍ വൈദ്യുതി നിലയങ്ങളിലെ യൂണിറ്റുകള്‍ ഗ്യാസ് അധിഷ്ഠിതമാക്കുന്നതിന് പദ്ധതികള്‍ ആസൂത്രണം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികള്‍ക്ക് ഭരണാനുമതി നല്‍കിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതികള്‍ പ്രകാരം എത്ര മെഗാവാട്ട് വൈദ്യുതി ഉല്‍പ്പാദിപ്പിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്; വിശദാംശങ്ങള്‍ നല്‍കുമോ;

(ഡി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികള്‍ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
# 24.06.2014-ലെ മറുപടിക്ക്

<u>സൗരോർജ്ജ പദ്ധതികൾ</u>

3685 ശ്രീ. കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡും നാഷണൽ ഹൈഡ്രോ പവർ ലിമിറ്റഡും ചേർന്ന് കേരളത്തിൽ ആരംഭിക്കുവാനുദ്ദേശിക്കുന്ന സൗരോർജ്ജ പദ്ധതികൾ ഏതൊക്കെയാണ്; ഇപ്രകാരം ലഭിക്കുന്ന വൈദ്യുതിയുടെ അളവ് എത്രയെന്ന് പദ്ധതി തിരിച്ച് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത രീതിയിൽ ഉത്പാദിപ്പിക്കുന്ന വൈദ്യുതിയുടെ താരിഫ് കണക്കാക്കുന്നത് ആരാണ്; ഇത് സൗജന്യമായി വൈദ്യുതി ബോർഡ് വിതരണം ചെയ്യുമോയെന്നറിയിക്കുമോ;

(സി) പ്രസ്തുത പദ്ധതികൾ എന്നുമുതൽ ഉത്പാദനശേഷി കൈവരിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**24.06.2014-ലെ മറുപടിക്ക്**

<u>സതേൺ ഗ്രിഡിൽ നിന്നുള്ള സംസ്ഥാനത്തിന്റെ വൈദ്യുതി വിഹിതം</u>

3686 ശ്രീ. കെ. ദാസൻ
,, കെ. സുരേഷ് കുറുപ്പ്
,, രാജു എബ്രഹാം
,, ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സതേൺ വൈദ്യുതി ഗ്രിഡ് ദേശീയ ഗ്രിഡുമായി ബന്ധിപ്പിച്ചതിന്റെ ഫലമായി സതേൺ ഗ്രിഡിൽ അധികമായി ലഭ്യമായ പ്രസരണശേഷി എത്രയാണ്;

(ബി) ഇതിൽ കേരളത്തിന് ലഭ്യമായ വിഹിതം എത്രയാണ്;

(സി) കേരളത്തിന് അർഹമായ വിഹിതം ലഭിക്കുന്നതിന് തടസ്സമായതെന്താണ്;

(ഡി) ഇതുപരിഹരിക്കാൻ എന്തുനടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ?

# കേരള നിയമസഭ
## 24.06.2014-ലെ മറുപടിക്ക്

<u>സ്വകാര്യ പങ്കാളിത്തത്തോടെയുള്ള</u>
<u>ചെറുകിട ജലവൈദ്യുത പദ്ധതികൾ</u>

3687 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ പങ്കാളിത്തത്തോടെ ചെറുകിട ജലവൈദ്യുതി പദ്ധതികൾ സ്ഥാപിക്കാനുള്ള നയത്തിന് രൂപം നൽകിയിട്ടുണ്ടോ;

(ബി) ഇത്തരം പദ്ധതികളിലൂടെ എത്ര മെഗാവാട്ട് വൈദ്യുതി ഉത്പാദിപ്പിക്കുവാനാണ് ലക്ഷ്യമിടുന്നത്;

(സി) പദ്ധതികൾക്ക് അനുമതി നൽകുന്നതും, അപേക്ഷകൾ സ്വീകരിക്കുന്നതും ആരാണ് എന്ന് വിശദമാക്കുമോ;

(ഡി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഇത്തരം പദ്ധതികൾ സമർപ്പിച്ചാൽ മുൻഗണന നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 24.06.2014-ലെ മറുപടിക്ക്

ബാരാപ്പോൾ ജലവൈദ്യുത പദ്ധതി

3688 ശ്രീ. കോടിയേരി ബാലകൃഷ്ണൻ
,, റ്റി.വി. രാജേഷ്
,, കെ.കെ. നാരായണൻ
,, ഇ.പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ പണിനടന്നുവരുന്ന ബാരാപ്പോൾ ജലവൈദ്യുത പദ്ധതിയുടെ നിലയനിർമ്മാണപ്രവർത്തനങ്ങളുടെ സ്ഥിതി എന്താണ്;

(ബി) പ്രസ്തുത പദ്ധതിയിൽ നിന്ന് ലഭ്യമാകുന്ന വൈദ്യുതി ഗ്രിഡിലെത്തിക്കുന്നതിനുള്ള പ്രസരണ സംവിധാനങ്ങൾ നിർമ്മിക്കുന്നതിന് നടപടികൾ ആയിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇക്കാര്യത്തിൽ എന്തുനടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പ്രവർത്തനങ്ങൾ എന്ന് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 24.06.2014-ലെ മറുപടിക്ക്

<u>ശബരിഗിരി പദ്ധതിയുടെ അറ്റകുറ്റപ്പണിയുമായി ബന്ധപ്പെട്ട് വൈദ്യുതി നിയന്ത്രണവും</u>

3689 ശ്രീ. എം. എ. ബേബി
,, കെ. വി. അബ്ദുൾ ഖാദർ
,, എ. പ്രദീപ്കുമാർ
,, കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശബരിഗിരി ജലവൈദ്യൂത പദ്ധതിയുടെ അറ്റകുറ്റപ്പണികൾ നടത്തുന്നത് സംബന്ധിച്ച് എന്നാണ് തീരുമാനമെടുത്തത്;

(ബി) മുൻകൂട്ടി തീരുമാനമെടുത്ത അറ്റകുറ്റപ്പണിയുടെ ഭാഗമായി വൈദ്യുതി ലഭ്യതയിൽ ഉണ്ടാകുമെന്ന് പ്രതീക്ഷിച്ച കുറവ് പരിഹരിക്കുന്നതിന് എന്തു നടപടിയാണ് സ്വീകരിച്ചത്;

(സി) മുൻകൂട്ടി ആസൂത്രണം ചെയ്ത പരിഹാരനടപടികൾ ഉണ്ടായിട്ടും ശബരിഗിരി പദ്ധതിയുടെ അറ്റകുറ്റപ്പണിയുമായി ബന്ധപ്പെട്ട് വൈദ്യുതി നിയന്ത്രണം ഏർപ്പെടുത്തേണ്ടി വന്ന സാഹചര്യം വിശദമാക്കുമോ?

## കേരള നിയമസഭ
## 24.06.2014-ലെ മറുപടിക്ക്

<u>നഗരപുനരാവിഷ്കൃത ഊർജ്ജിത ഊർജ്ജവികസന പദ്ധതി</u>

3690 ശ്രീ. കെ. അച്ചുതൻ
,, വർക്കല കഹാർ
,, റ്റി. എൻ. പ്രതാപൻ
,, സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. നഗരപുനരാവിഷ്കൃത ഊർജ്ജിത ഊർജ്ജ വികസന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(സി) സമ്പൂർണ്ണ വൈദ്യുതീകരണത്തിന് പ്രസ്തുത പദ്ധതിയിൽ എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ;

(ഡി) എന്തെല്ലാം കേന്ദ്ര സഹായങ്ങളാണ് പ്രസ്തുത പദ്ധതി നടത്തിപ്പിനായി ലഭിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കുമോ?

# കേരള നിയമസഭ
## 24.06.2014-ലെ മറുപടിക്ക്

<u>പട്ടിക വിഭാഗത്തിൽപ്പെട്ടവർക്ക് ഗാർഹിക വൈദ്യുതികണക്ഷൻ</u>

3691 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികവിഭാഗത്തിൽപ്പെട്ടവർക്ക് ഗാർഹിക വൈദ്യുതികണക്ഷൻ നൽകുന്നതിന് നൽകിവരുന്ന പ്രത്യേക പരിഗണനകൾ എന്തെല്ലാമെന്ന് അറിയിക്കുമോ;

(ബി) നാട്ടിക നിയോജകമണ്ഡലത്തിൽ വൈദ്യുതി കണക്ഷന് അപേക്ഷിച്ചു കാത്തിരിക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട അപേക്ഷകർ നിലവിലുണ്ടോ; ഉണ്ടെങ്കിൽ അപേക്ഷകരുടെ എണ്ണം എത്രയെന്ന് അറിയിക്കുമോ ;

(സി) പ്രസ്തുത അപേക്ഷകർക്ക് വൈദ്യുതി കണക്ഷൻ നൽകുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 24.06.2014-ലെ മറുപടിക്ക്

<u>നേമം നിയോജക മണ്ഡലത്തിലെ സമ്പൂർണ്ണ സൗജന്യ വൈദ്യുതി കണക്ഷനുകൾ</u>

3692 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യത്തിന്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റതിനു ശേഷം സമ്പൂർണ്ണ സൗജന്യ വൈദ്യുതി പദ്ധതി പ്രകാരം നേമം നിയോജക മണ്ഡലത്തിൽ എത്ര പേർക്ക് വൈദ്യുതി കണക്ഷൻ നൽകി എന്നുള്ളതിന്റെ വിശദാംശങ്ങൾ സെക്ഷൻ തിരിച്ച് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 24.06.2014-ലെ മറുപടിക്ക്

<u>അല്ലിമൂപ്പൻ -മുപ്പതേക്കർ കോളനികളിൽ വൈദ്യുതീകരണം</u>

3693 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പറമ്പിക്കുളത്തെ തേക്കടി അല്ലിമൂപ്പൻ -മുപ്പതേക്കർ കോളനി കളിൽ വൈദ്യുതീകരണം നടത്തുന്നതിന് ആർ.ജി.ജി.വി.വൈ പ്രകാരം പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ;

(സി) പ്രസ്തുത പദ്ധതിയുടെ പ്രവർത്തനം എന്ന് തുടങ്ങാൻ കഴിയുമെന്ന് വിശദമാക്കുമോ ; ഇതിനായി നാളിതുവരെ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിശദമാക്കുമോ ?

# കേരള നിയമസഭ
# 24.06.2014-ലെ മറുപടിക്ക്

<u>കൊട്ടാരക്കര നിയോജകമണ്ഡലത്തിലെ വൈദ്യുതീകരിച്ച വീടുകൾ</u>

3694 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര നിയോജക മണ്ഡലത്തിലെ വൈദ്യുതീകരിച്ച വീടുകളുടെ എണ്ണം എത്രയാണ് എന്നറിയിക്കുമോ;

(ബി) വൈദ്യുതീകരിക്കാത്ത വീടുകളുടെ എണ്ണം പഞ്ചായത്തു തിരിച്ച് ലഭ്യമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൊട്ടരക്കര നിയോജകമണ്ഡലത്തിൽ എത്ര വീടുകൾക്ക് വൈദ്യുതി കണക്ഷൻ അനുവദിച്ചുവെന്നും അവ ഏതെല്ലാം വിഭാഗങ്ങളിൽപ്പെടുന്നുവെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 24.06.2014-ലെ മറുപടിക്ക്

<u>കാസർഗോഡ് ജില്ലയിലെ സമ്പൂർണ്ണ വൈദ്യുതീകരണം</u>

3695 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ഇനിയും വൈദ്യുതി എത്താത്തപ്രദേശങ്ങൾ ഉണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) പ്രസ്തുത പ്രദേശങ്ങൾ വൈദ്യുതീകരിക്കുന്നതിന് കെ. എസ്.ഇ.ബി. യോ മറ്റ് ഏജൻസികളോ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) ആർ.ജി.ജി.വി.വൈയിൽ ഏതൊക്കെ പ്രദേശങ്ങൾ വൈദ്യുതീകരിക്കാനുള്ള പ്രൊപ്പോസലുകളാണ് നൽകിയിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കുമോ?

# കേരള നിയമസഭ
## 24.06.2014-ലെ മറുപടിക്ക്

<u>കൊല്ലം ജില്ലയിലെ രാജീവ് ഗാന്ധി റൂറൽ ത്വരിത വൈദ്യുതീകരണ പദ്ധതി</u>

3696 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) രാജീവ് ഗാന്ധി ഗ്രാമീണ ത്വരിത വൈദ്യുതീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി 2014-15 സാമ്പത്തിക വർഷത്തിൽ കൊല്ലം ജില്ലയ്ക്ക് എത്ര തുക അനുവദിക്കപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) സാമ്പത്തികമായി ഏറെ പിന്നോക്കം നിൽക്കുന്നവരുടെ വീടുകളിൽ വൈദ്യുതി എത്തിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പുനലൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട റോസ്മല ഗ്രാമത്തിലെ വൈദ്യുതീകരണ പ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 24.06.2014-ലെ മറുപടിക്ക്

വയനാട് ജില്ലയിലെ ആർ.ജി.ജി.വി.വൈ

3697 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) രാജീവ്ഗാന്ധി ഗ്രാമീണ വൈദ്യുതികരൺ യോജന പ്രകാരം 2013-14 വർഷത്തിൽ വയനാട് ജില്ലയിൽ വകയിരുത്തിയ തുകയും ചെലവഴിച്ച തുകയും എത്രയെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത പദ്ധതിക്കായി നടപ്പുസാമ്പത്തിക വർഷം ജില്ലയിൽ വകയിരുത്തിയ തുക എത്രയെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതി പ്രകാരം ഈ സാമ്പത്തിക വർഷം ജില്ലയിൽ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികളുടെ നിയോജകമണ്ഡലം തിരിച്ചുള്ള വിശദാംശങ്ങളും ആയതിന് വകയിരുത്തിയ തുകയും വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 24.06.2014-ലെ മറുപടിക്ക്

<u>വെട്ടയ്ക്കലിൽ ഇലക്ട്രിക്കൽ ഡിവിഷൻ</u>

3698 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചേർത്തല പട്ടണക്കാട് ഇലക്ട്രിക്കൽ ഡിവിഷനു കീഴിൽ എത്ര ഉപഭോക്താക്കൾ ഉണ്ടെന്നും; പ്രസ്തുത ഡിവിഷന്റെ പ്രവർത്തന പരിധി എത്ര ചതുരശ്ര കിലോ മീറ്ററാണെന്നും അറിയിക്കുമോ;

(ബി) വലിയ പ്രവർത്തന വിസ്തൃതിയുള്ളതും പരിധിയിൽ കവിഞ്ഞ ഉപഭോക്താക്കളുള്ളതുമായ പട്ടണക്കാട് ഇലക്ട്രിക്കൽ ഡിവിഷൻ വിഭജിച്ച് വെട്ടയ്ക്കൽ കേന്ദ്രമാക്കി പുതിയ ഡിവിഷൻ ആരംഭിക്കുമെന്ന സർക്കാർ പ്രാഖ്യാപനത്തിന്റെ അടിസ്ഥാനത്തിലുള്ള നടപടി ഏതു ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കുമോ;

(സി) വെട്ടയ്ക്കൽ കേന്ദ്രമാക്കി പുതിയ ഇലക്ട്രിക്കൽ ഡിവിഷൻ അടിയന്തരമായി ആരംഭിച്ച് പട്ടണക്കാടിന്റെ തീരമേഖലയിലും വെട്ടയ്ക്കൽ പ്രദേശത്തുമുള്ള ജനങ്ങളുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 24.06.2014-ലെ മറുപടിക്ക്

ഔദ്യോഗിക വസതികളിലെ വൈദ്യുതോപഭോഗം

3699 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രി, മന്ത്രിമാർ, ചീഫ് വിപ്പ് എന്നിവരുടെ ഔദ്യോഗിക വസതികളിലെ 2014 ജനുവരി 1-നുശേഷമുള്ള കാലയളവിലെ വൈദ്യുതോപഭോഗം എത്ര യൂണിറ്റ് വീതമാണെന്ന് വിശദീകരിക്കുമോ;

(ബി) പ്രസ്തുത മാസങ്ങളിൽ ഓരോ വസതിയിലെയും വൈദ്യുതി ചാർജ്ജ് എത്ര രൂപയാണെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
# 24.06.2014-ലെ മറുപടിക്ക്

<u>വൈദ്യുതോത്പാദനശേഷിയും ഉപഭോഗവും</u>

3700 ശ്രീ. ഇ. ചന്ദ്രശേഖർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആകെ ഗാർഹിക വൈദ്യുത ഉപഭോക്താക്കളുടെ എണ്ണം എത്രയെന്ന് ജില്ല തിരിച്ച് ലഭ്യമാക്കുമോ;

(ബി) സംസ്ഥാനത്തെ വൈദ്യുതോത്പാദനശേഷി എത്രയെന്ന് സ്രോതസ്സുകൾ തിരിച്ച് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ ആകെ വൈദ്യുത ഉപഭോഗം എത്രയെന്ന് കണക്കുകൾ വ്യക്തമാക്കുമോ;

(ഡി) 2013 14 വർഷത്തിൽ വിലയ്ക്കു വാങ്ങിയ വൈദ്യുതിയുടെ കണക്കുകൾ ഇനംതിരിച്ച് വിശദമാക്കുമോ?

## കേരള നിയമസഭ
## 24.06.2014-ലെ മറുപടിക്ക്

<u>തുമ്പമണ്ണിൽ -പുതിയ വൈദ്യുതി സബ്സ്റ്റേഷൻ</u>

3701 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതിയതായി കെ.എസ്.ഇ.ബി സബ്സ്റ്റേഷൻ അനുവദിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് അറിയിക്കുമോ;

(ബി) അടൂർ മണ്ഡലത്തിലെ തുമ്പമണ്ണിൽ പുതിയ സബ്സ്റ്റേഷൻ ആരംഭിക്കുന്നതിന് നിലവിലുള്ള സാങ്കേതിക തടസ്സങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(സി) തുമ്പമണ്ണിൽ പുതിയ കെ.എസ്.ഇ.ബി. സബ്സ്റ്റേഷൻ അനുവദിക്കുന്നതിന് വേണ്ട പ്രഥമിക നടപടികൾ ആരംഭിക്കുമോ?

# കേരള നിയമസഭ
## 24.06.2014-ലെ മറുപടിക്ക്

<u>പള്ളിക്കൽ പഞ്ചായത്തിൽ സബ് എഞ്ചിനീയറുടെ ആഫീസ്</u>

3702 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.യുടെ സബ് എഞ്ചിനീയർ ആഫീസ് ആരംഭിക്കുന്നതിനുള്ള പൊതുമാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(ബി) അടൂർ മണ്ഡലത്തിലെ പള്ളിക്കൽ പഞ്ചായത്തിന്റെ അതിർത്തി ഭാഗങ്ങളിൽ നിന്നും മറ്റും വൈദ്യുതി ചാർജ് ഒടുക്കുന്നതിനായി നിലവിൽ വളരെ ദൂരം യാത്ര ചെയ്യേണ്ട അവസ്ഥ നിലവിലുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ പ്രസ്തുത വിഷയത്തിന്റെ നിജസ്ഥിതി ബോധ്യപ്പെടുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) വൈദ്യുതി ബിൽ ഒടുക്കുന്നതടക്കമുള്ള സൗകര്യങ്ങൾക്കായി പള്ളിക്കൽ പഞ്ചായത്തിലെ തെങ്ങിനാൽ കേന്ദ്രീകരിച്ച് ഒരു വൈദ്യുതി സബ് എഞ്ചിനീയറുടെ ഓഫീസ് ആരംഭിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 24.06.2014-ലെ മറുപടിക്ക്

<u>പുതിയ സബ്സ്റ്റേഷനുകൾ</u>

3703 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര സബ്സ്റ്റേഷനുകളാണ് ആരംഭിച്ചിട്ടുള്ളതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) നിർമ്മാണം പൂർത്തിയായതും നിർമ്മാണം പൂർത്തിയായി വരുന്നതുമായ സബ്സ്റ്റേഷനുകൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 24.06.2014-ലെ മറുപടിക്ക്

<u>സെക്ഷൻ ഓഫീസ് വിഭജനത്തിനുള്ള മാനദണ്ഡം</u>

3704 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കെ.എസ്.ഇ.ബി യുടെ എത്ര സെക്ഷൻ ഓഫീസുകൾ വിഭജിച്ച് ഉത്തരവായിട്ടുണ്ടെന്നും അവ ഏതൊക്കെയാണെന്നും വിശദമാക്കുമോ;

(ബി) നിലവിലുള്ള മാനദണ്ഡങ്ങൾ പ്രകാരമാണോ പ്രസ്തുത സെക്ഷൻഓഫീസുകൾ വിഭജിച്ചതെന്ന് വിശദമാക്കുമോ;

(സി) മാനദണ്ഡങ്ങളിൽ ഇളവുനൽകി എത്ര സെക്ഷൻ ഓഫീസുകൾ വിഭജിച്ചിട്ടുണ്ടെന്നും; അവ ഏതൊക്കെയാണെന്നും നിയോജകമണ്ഡലം അടിസ്ഥാനത്തിൽ വിശദമാക്കുമോ;

(ഡി) കണ്ണൂർ ജില്ലയിൽ പാടിയോട്ടുചാൽ സെക്ഷൻ ഓഫീസ് വിഭജിക്കാനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 24.06.2014-ലെ മറുപടിക്ക്

<u>വെളിയം ഇലക്ട്രിക്കൽ സെക്ഷൻ വിഭജിക്കാൻ നടപടി</u>

3705 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ വെളിയം ഇലക്ട്രിക്കൽ സെക്ഷന്റെ പരിധിയിൽ എത്ര ഉപഭോക്താക്കളുണ്ട് എന്നറിയിക്കുമോ;

(ബി) പ്രസ്തുത സെക്ഷൻ വിഭജിച്ച് പുതിയ സെക്ഷൻ രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

## കേരള നിയമസഭ
## 24.06.2014-ലെ മറുപടിക്ക്

<u>അടൂർ തെക്കേക്കര പഞ്ചായത്തിൽ സെക്ഷൻ ഓഫീസ്</u>

3706 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അടൂർ മണ്ഡലത്തിലെ പന്തളം തെക്കേക്കര പഞ്ചായത്തിൽ കെ.എസ്.ഇ.ബി.യുടെ സെക്ഷൻ ആഫീസ് അനുവദിച്ചിട്ടുണ്ടോ;

(ബി) നിലവിൽ പ്രസ്തുത ആഫീസ് ആരംഭിക്കുന്നതിനുള്ള സാങ്കേതിക തടസ്സങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(സി) ആയത് പരിഹരിച്ച് പ്രസ്തുത ആഫീസ് ആരംഭിക്കുന്നതിനുള്ള എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ?

**കേരള നിയമസഭ**
**24.06.2014-ലെ മറുപടിക്ക്**

ദേശമംഗലം ആറങ്ങോട്ടുകരയിൽ 110 കെ.വി സബ്സ്റ്റേഷൻ

3707 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചേലക്കര മണ്ഡലത്തിൽ ദേശമംഗലം ആറങ്ങോട്ടുകരയിൽ 110 കെ.വി സബ്സ്റ്റേഷൻ നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത സബ്സ്റ്റേഷന്റെ നിർമ്മാണത്തിന് ഭൂമി വാങ്ങിയതുൾപ്പെടെ ആകെ ചെലവായ തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 24.06.2014-ലെ മറുപടിക്ക്

ആലംകോട് സെഷൻ ഓഫീസ് ആറ്റിങ്ങൽ മുനിസിപ്പാലിറ്റി പരിധിയിൽ കൊണ്ടുവരുന്നതിന് നടപടി

3708 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബിയുടെ ആലംകോട് സെക്ഷൻ ഓഫീസ് ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയുടെ പരിധിയിൽ കൊണ്ടുവരുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 24.06.2014-ലെ മറുപടിക്ക്

<u>കിടങ്ങറ സെക്ഷൻ ഓഫീസിന് പുതിയ കെട്ടിടം</u>

3709 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കിടങ്ങറ കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ് വളരെ പരിതാപകരമായ അവസ്ഥയിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മങ്കൊമ്പിൽ പുതിയ കെട്ടിടനിർമ്മാണത്തിന് സമർപ്പിച്ച അപേക്ഷയിന്മേൽ ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) മങ്കൊമ്പ് കെ.എസ്.ഇ.ബി സെക്ഷൻ ഓഫീസിന് സ്പീഡ് ബോട്ട് അനുവദിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 24.06.2014-ലെ മറുപടിക്ക്

<u>കാവാലം സബ്സ്റ്റേഷൻ</u>

3710 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാവാലം സബ്സ്റ്റേഷൻ നിർമ്മാണത്തിന് 0.874 ഹെക്ടർ സ്ഥലം വാങ്ങുന്നതിന് 17.06.2008-ൽ ഉത്തരവായെങ്കിലും നാളിതുവരെ സ്ഥലം വാങ്ങുവാൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സബ്സ്റ്റേഷൻ നിർമ്മാണം പൊതു ആവശ്യങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തി കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിൽ നിന്ന് ഇളവ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 24.06.2014-ലെ മറുപടിക്ക്

<u>മണ്ണാർക്കാട് വൈദ്യുതി ഭവൻ നിർമ്മാണം</u>

3711 ശ്രീ. എൻ. ഷംസുദ്ദീൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മണ്ണാർക്കാട് വൈദ്യുതി ഭവൻ നിർമ്മാണത്തിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്നറിയിക്കുമോ;

(ബി) ഇതിന്റെ നിർമ്മാണം ആരംഭിക്കുന്നതിലുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 24.06.2014-ലെ മറുപടിക്ക്

<u>തളക്കുളത്തൂർ ഗ്രാമപഞ്ചായത്തിലെ വൈദ്യുതി വകുപ്പിന്റെ ഭൂമി ഉപയുക്തമാക്കാൻ നടപടി</u>

3712 ശ്രീ. എ.കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ തളക്കുളത്തൂർ ഗ്രാമപഞ്ചായത്തിൽ വൈദ്യുതി വകുപ്പിന്റെ അധീനതയിലുള്ള ഒഴിഞ്ഞുകിടക്കുന്ന ഭൂമിയിൽ പരിശീലനകേന്ദ്രമോ പ്രസരണ വിഭാഗത്തിന്റെ ഏതെങ്കിലും പദ്ധതിയോ വിതരണ വിഭാഗത്തിന്റെ പുതിയ ടി.എം.ആർ. ഡിവിഷനോ സ്ഥാപിക്കുന്ന കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 24.06.2014-ലെ മറുപടിക്ക്

കാപ്പുവയൽ ചെന്നലോട് റോഡുവക്കിലെ
വൈദ്യുതിപോസ്റ്റ് മാറ്റുന്നതിന് നടപടി

3713 ശ്രീ.എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ നിയോജകമണ്ഡലത്തിലെ കാപ്പുവയൽ ചെന്നലോട് റോഡുവക്കിലുള്ള വൈദ്യുതി പോസ്റ്റ് അപകടാവസ്ഥയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

(ബി) പ്രസ്തുത വൈദ്യുതിപോസ്റ്റ് മാറ്റിസ്ഥാപിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നിവേദനം ലഭിച്ചിട്ടുണ്ടോ;

(സി) അപകടാവസ്ഥയിലായ വൈദ്യുതി പോസ്റ്റ് അടിയന്തരമായി മാറ്റി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 24.06.2014-ലെ മറുപടിക്ക്

<u>കൊയിലാണ്ടിയിലെ വൈദ്യുത ട്രാൻസ്ഫോർമർ</u>

3714 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടിയിൽ റെയിൽവേ മേൽപ്പാലം വന്നതോടെ പഴയ ബസ്സ്റ്റാൻഡിന് നടുവിൽ നിൽക്കുന്ന വൈദ്യുതി ട്രാൻസ്ഫോർമർ ഗതാഗതതടസ്സം സൃഷ്ടിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് മാറ്റിസ്ഥാപിക്കുന്നതിന് സ്ഥലം എം.എൽ.എ വകുപ്പധികൃതരുമായി ചർച്ച നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) പ്രസ്തുത ട്രാൻസ്ഫോർമർ അടിയന്തരമായി മാറ്റി സ്ഥാപിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ;

(ഡി) എങ്കിൽ പ്രസ്തുത ട്രാൻസ്ഫോർമർ എന്ന് മാറ്റി സ്ഥാപിക്കും എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 24.06.2014-ലെ മറുപടിക്ക്

<u>കാസർഗോഡ് ജില്ലയിലെ വോൾട്ടേജ് ക്ഷാമം</u>

3715 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ അനുഭവപ്പെടുന്ന രൂക്ഷമായ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ജില്ലയിൽ വൈദ്യുതി വകുപ്പ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്നും അവ എപ്പോൾ നടപ്പിലാക്കുമെന്നും വിശദമാക്കുമോ?

# കേരള നിയമസഭ
## 24.06.2014-ലെ മറുപടിക്ക്

<u>ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമം</u>

3716 ശ്രീ. സി. എഫ്. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ ചങ്ങനാശ്ശേരി മുനിസിപ്പൽ ഠൗൺ, തൃക്കൊടിത്താനം, തെങ്ങണ, കുറിച്ചി എന്നീ കെ. എസ്. ഇ. ബി സെക്ഷനുകളുടെ കീഴിൽ ഠൗണിലും അഞ്ച് പഞ്ചായത്തുകളിലും എവിടെയെങ്കിലും വോൾട്ടേജ് ക്ഷാമം നിലനിൽക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 24.06.2014-ലെ മറുപടിക്ക്

<u>തവന്നൂർ മണ്ഡലത്തിൽ പുതിയ ട്രാൻസ്ഫോർമറുകൾ</u>

3717 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വോൾട്ടേജ് ക്ഷാമം നേരിടുന്ന പ്രദേശങ്ങളിൽ പുതുതായി ട്രാൻഫോർമറുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) തവന്നൂർ മണ്ഡലത്തിലെ ആലത്തിയൂർ, പുറത്തൂർ, കാലടി, എടപ്പാൾ, തവന്നൂർ എന്നീ സബ്ഡിവിഷനുകളിൽ ഏതെല്ലാം സ്ഥലങ്ങളിലാണ് പുതുതായി ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 24.06.2014-ലെ മറുപടിക്ക്

<u>അമ്പലപ്പുഴ മണ്ഡലത്തിലെ വോള്‍ട്ടേജ് ക്ഷാമം</u>

3718 ശ്രീ. ജി. സുധാകരന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരത്തില്‍വന്നതിനുശേഷം അമ്പലപ്പുഴ മണ്ഡലത്തില്‍ വോള്‍ട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി എന്തെല്ലാം നടപടികള്‍ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ;

(ബി) എത്ര ട്രാന്‍സ്ഫോര്‍മറുകള്‍ ഇക്കാലയളവില്‍ സ്ഥാപിച്ചിട്ടുണ്ട്;

(സി) ഇനി എവിടെയൊക്കെയാണ് ട്രാന്‍സ്ഫോര്‍മറുകള്‍ സ്ഥാപിക്കേണ്ടത്; വിശദമാക്കുമോ?

# കേരള നിയമസഭ
## 24.06.2014-ലെ മറുപടിക്ക്

<u>മലപ്പുറം മണ്ഡലത്തിലെ വോൾട്ടേജ് ഇംപ്രൂവ്മെന്റ് പദ്ധതി</u>

3719 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വോൾട്ടേജ് ഇംപ്രൂവ്മെന്റ് പദ്ധതിയുമായി ബന്ധപ്പെട്ട് മലപ്പുറം മണ്ഡലത്തിൽ നടപ്പാക്കി വരുന്ന പ്രവൃത്തികൾ ഏതെല്ലാമാണ്; വിശദാംശം നൽകുമോ;

(ബി) ഓരോന്നും ഇപ്പോൾ ഏതു ഘട്ടത്തിലാണ്; നിർമ്മാണ്ണ പുരോഗതി വിശദീകരിക്കുമോ; പ്രസ്തുത പദ്ധതികളുടെ പണി എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വെളിപ്പെടുത്തുമോ?

**കേരള നിയമസഭ**
**24.06.2014-ലെ മറുപടിക്ക്**

<u>സി.എഫ്. ലാംപുകൾ മുഖേനയുള്ള വൈദ്യുതി ലാഭം</u>

3720 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കെ. എസ്. ഇ. ബി മുഖേന എത്ര സി. എഫ് ലാംപുകൾ വിതരണം ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ; ഇതിന്റെ ഫലമായി ഉണ്ടായിട്ടുള്ള വൈദ്യുതി ലാഭം കണക്കാക്കിയിട്ടുണ്ടോ എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 24.06.2014-ലെ മറുപടിക്ക്

മെര്‍ക്കുറി മാലിന്യങ്ങള്‍ സംസ്കരിക്കാന്‍ നടപടി

3721 ശ്രീ. എം. എ. വാഹിദ്
,, ജോസഫ് വാഴക്കന്‍
,, സി. പി. മുഹമ്മദ്
,, സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) എനര്‍ജി മാനേജ്മെന്റ് സെന്റര്‍ സി.എഫ്.ലാംപുകളില്‍നിന്നുള്ള മെര്‍ക്കുറി മാലിന്യം സംസ്കരിക്കാന്‍ എന്തെല്ലാം കര്‍മ്മ പദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളത്; വിശദാംശങ്ങള്‍ നല്‍കുമോ;

(ബി) പ്രസ്തുത പദ്ധതി രൂപീകരണത്തിന് എന്തെല്ലാം നടപടികള്‍ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങള്‍ നല്‍കുമോ;

(സി) ഉപയോഗശൂന്യമായ സി.എഫ്.ലാംപുകള്‍, ട്യൂബ് ലൈറ്റുകള്‍ എന്നിവ ഉപഭോക്താക്കളില്‍നിന്ന് സ്വീകരിച്ച് പുനരുപയോഗിക്കുവാനും സംസ്കരിക്കുവാനും എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയില്‍ ഉള്‍പ്പെടുത്താനുദ്ദേശിക്കുന്നത്; വിശദമാക്കുമോ ?

# കേരള നിയമസഭ
## 24.06.2014-ലെ മറുപടിക്ക്

<u>ഉപയോഗശൂന്യമായ സി. എഫ്. ലാംപുകൾ നശിപ്പിക്കുന്നതിന് സംവിധാനം</u>

T3722 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഉപയോഗശൂന്യമായ സി.എഫ്. ലാംപുകളിലെ മെർക്കുറി പരിസര മലിനീകരണത്തിനും ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾക്കും ഇടവരുത്തുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധമായി എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

(സി) ഉപയോഗശൂന്യമായ സി. എഫ്. ലാംപുകൾ നശിപ്പിക്കുന്നതിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 24.06.2014-ലെ മറുപടിക്ക്

<u>കേടായ സി. എഫ്. ലാംപുകൾ ഉയർത്തുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ</u>

3723 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി വകുപ്പ് എത്ര സി. എഫ് ലാംപുകളാണ് പൊതുജനങ്ങൾക്ക് നൽകിയത് എന്ന് വ്യക്തമാക്കാമോ;

(ബി) സി. എഫ്. ലാംപുകൾ ഉണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവ ഏതെല്ലാം എന്ന് വ്യക്തമാക്കുമോ; പ്രസ്തുത പ്രശ്നത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(സി) കേടായ സി. എഫ്. എൽ. സംസ്കരിക്കുന്നതിന് എന്തെല്ലാം മാർഗ്ഗ നിർദ്ദേശങ്ങളാണ് പുറപ്പെടുവിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**24.06.2014-ലെ മറുപടിക്ക്**

<u>സെക്ഷൻ ഓഫീസുകളിലുള്ള</u>
<u>തസ്തികകളിലെ പോരായ്മകൾ</u>

3724 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രദേശത്തിന്റെ വിസ്തൃതിയോ കണക്ഷനുകളുടെ എണ്ണമോ പരിഗണിക്കാതെ എല്ലാ കെ.എസ്.ഇ.ബി സെക്ഷൻ ഓഫീസുകളിലും ഒരേ പാറ്റേണിൽ ജീവനക്കാരുടെ തസ്തികകൾ അനുവദിച്ചതുമൂലം ജനങ്ങളും ജീവനക്കാരും അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയതു പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 24.06.2014-ലെ മറുപടിക്ക്

<u>കെ.എസ്.ഇ.ബി.യിലെ ഒഴിവുള്ള തസ്തികകൾ നികത്താൻ നടപടി</u>

3725 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.യുടെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(ബി) കെ.എസ്.ഇ.ബി.യിൽ നിരവധി തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നതിനാൽ ജനങ്ങൾ ബുദ്ധിമുട്ടുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇലക്ട്രിസിറ്റി വർക്കർ(മസ്ദൂർ) തസ്തികയിൽ നിലവിൽ എത്ര ഒഴിവുകളുണ്ടെന്നും നിലവിലുള്ള ഒഴിവുകളിൽ എത്ര എണ്ണം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ഡി) ലൈൻമാൻ തസ്തികയിൽ നിലവിൽ എത്ര ഒഴിവുകൾ ഉണ്ടെന്നും അവയിലേക്ക് ഇലക്ട്രിസിറ്റി വർക്കർമാരിൽ നിന്നും പ്രമോഷൻ വഴി നിയമനം നടത്തേണ്ടത് എത്രയാണെന്നും നിയമനം വൈകാൻ കാരണമെന്തെന്നും വിശദമാക്കുമോ;

(ഇ) ഒഴിവുകളിൽ കൃത്യസമയത്ത് നിയമനം നൽകാത്ത ഉദ്യോഗസ്ഥർക്കെതിരെ മാതൃകാപരമായ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 24.06.2014-ലെ മറുപടിക്ക്

<u>മലപ്പുറം ജില്ലയിലെ മസ്ദൂർ നിയമനം</u>

3726 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ നിലവിലുള്ള കെ.എസ്.ഇ.ബി. മസ്ദൂർ റാങ്ക് ലിസ്റ്റിൽനിന്ന് ഇതുവരെ എത്രപേരെ നിയമിച്ചിട്ടുണ്ട്;

(ബി) പ്രസ്തുത ലിസ്റ്റ് എന്നാണ് നിലവിൽവന്നതെന്നും കാലാവധി എന്നവസാനിക്കുമെന്നും വെളിപ്പെടുത്തുമോ;

(സി) തിരൂർ, മഞ്ചേരി സർക്കിളുകൾക്ക് കീഴിൽ ഓരോ ഡിവിഷനിലും എത്ര ഒഴിവുകൾ 2014 ജൂൺ 10 വരെ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; വിശാദാംശം നൽകുമോ;

(ഡി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

(ഇ) പ്രസ്തുത റാങ്ക് ലിസ്റ്റിൽനിന്ന് നാളിതുവരെ എത്രപേരെ അഡ്വൈസ് ചെയ്തെന്നും എത്രപേർ ജോലിയിൽ പ്രവേശിച്ചുവെന്നും വെളിപ്പെടുത്തുമോ;

(എഫ്) ജില്ലയിലെ കെ.എസ്.ഇ.ബി. ഓഫീസുകളിൽ ജീവനക്കാരുടെ കുറവുമൂലം ദൈനംദിന പ്രവർത്തനങ്ങൾക്ക് തടസ്സം നേരിടുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) എങ്കിൽ കെ.എസ്.ഇ.ബി. മസ്ദൂർ ഉൾപ്പെടെ എല്ലാ തസ്തികകളിലേക്കും നിലവിലുള്ള ലിസ്റ്റുകളിൽനിന്ന് റിപ്പോർട്ട് ചെയ്ത ഒഴിവുകളിലേക്ക് ഉടൻ നിയമനം നടത്തുമോ ?

# കേരള നിയമസഭ
# 24.06.2014-ലെ മറുപടിക്ക്

<u>കെ.എസ്.ഇ.ബി. കരാർ തൊഴിലാളികളുടെ വേതനം</u>

3727 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.യിൽ ട്രാൻസ്മിഷൻ സെക്ടറിൽ വിവിധ തസ്തികകളിൽ കരാറടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് അടിസ്ഥാനവേതനം നിഷേധിക്കപ്പെടുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ബി) നിലവിൽ വിവിധ സബ്സ്റ്റേഷനുകളിലായി എത്ര ജീവനക്കാർ കരാറടിസ്ഥാനത്തിൽ ജോലി ചെയ്യുന്നുണ്ട്;

(സി) പ്രസ്തുത ജീവനക്കാരുടെ വേതനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 24.06.2014-ലെ മറുപടിക്ക്

<u>കർത്തവ്യ നിർവ്വഹണത്തിനിടയിൽ മരണപ്പെട്ട ജീവനക്കാരുടെ ആശ്രിതർക്കുള്ള സഹായം</u>

3728 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വൈദ്യുതി ബോർഡിലെ എത്ര ജീവനക്കാർ കർത്തവ്യനിർവ്വഹണത്തിനിടയിൽ മരണപ്പെടുകയോ, അംഗവൈകല്യം സംഭവിക്കുകയോ ചെയ്തിട്ടുണ്ട്; തസ്തിക തിരിച്ചുള്ള പേരുകൾ വ്യക്തമാക്കുമോ;

(ബി) ഇവരുടെ ആശ്രിതർക്ക് എന്തെല്ലാം ധനസഹായങ്ങൾ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഇതിൽ എത്രപേർക്ക് ആശ്രിത നിയമനം നൽകിയിട്ടുണ്ട്; ആശ്രിത നിയമനം വൈകുന്ന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) എറണാകുളം ജില്ലയിൽ കർത്തവ്യനിർവ്വഹണത്തിനിടയിൽ മരണപ്പെടുകയോ അംഗവൈകല്യം സംഭവിക്കുകയോ ചെയ്ത എത്രപേരുണ്ടെന്നും അവരുടെ കുടുംബങ്ങൾക്ക് നൽകിയ സഹായങ്ങൾ എന്തൊക്കെയാണെന്നും സെക്ഷൻ തിരിച്ച് വ്യക്തമാക്കുമോ ?

**കേരള നിയമസഭ**
**24.06.2014-ലെ മറുപടിക്ക്**

<u>ട്രെയിൻയാത്രയിലെ സുരക്ഷിതത്വം ഉറപ്പാക്കാൻ നടപടി</u>

3729 ശ്രീ. ഇ. പി. ജയരാജൻ
,, എ. പ്രദീപ് കുമാർ
ഡോ. കെ. ടി. ജലീൽ
ശ്രീ. കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തീവണ്ടിയാത്രയുടെ സുരക്ഷിതത്വം സംബന്ധിച്ചുള്ള ഹൈക്കോടതിയുടെ വിമർശനം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തീവണ്ടിയാത്രക്കാർക്ക് നിരന്തരം അപകടങ്ങളും പീഢനങ്ങളും ഉണ്ടാകുന്നത് തടയാൻ സാധിക്കാത്തതിനെക്കുറിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ;

# കേരള നിയമസഭ
# 24.06.2014-ലെ മറുപടിക്ക്

<u>ദീർഘദൂരട്രെയിനുകളുടെ നിർത്തലാക്കിയ സ്റ്റോപ്പുകൾ</u>

T3730 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദീർഘദൂരട്രെയിനുകളുടെ സ്റ്റോപ്പുകൾ കുറയ്ക്കുവാനുള്ള റെയിൽവേയുടെ നീക്കം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മാവേലി, മലബാർ, പരശുറാം, വേണാട്, ഏറനാട്, വഞ്ചിനാട്, അമൃത, എറണാകുളം-കണ്ണൂർ ഇന്റർസിറ്റി എക്സ്പ്രസ്സ്, പുനലൂർ-ഗുരുവായൂർ ഫാസ്റ്റ് പാസഞ്ചർ എന്നീ ട്രെയിനുകളുടെ സ്റ്റോപ്പുകൾ കുറയ്ക്കുന്നതിനുള്ള റെയിൽവേയുടെ നീക്കം ഒഴിവാക്കി സംസ്ഥാനത്തെ ട്രെയിൻയാത്രക്കാർക്കുള്ള പരിമിതമായ യാത്രാസൗകര്യം കുറയ്ക്കാതിരിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ;

(സി) ഏറനാട് എക്സ്പ്രസ്സിന് ചാലക്കുടി സ്റ്റേഷനിൽ ഉണ്ടായിരുന്ന സ്റ്റോപ്പ് ഒഴിവാക്കിയ നടപടി പിൻവലിക്കുന്നതിനും, ചാലക്കുടി റെയിൽവേ സ്റ്റേഷനിൽ കൂടുതൽ ട്രെയിനുകൾക്ക് സ്റ്റോപ്പുകൾ അനുവദിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 24.06.2014-ലെ മറുപടിക്ക്

<u>ട്രെയിനുകളുടെ നിറുത്തലാക്കിയ സ്റ്റോപ്പുകളുടെ പുന:സ്ഥാപനം</u>

T3731 ശ്രീ. എ.കെ. ശശീന്ദ്രൻ
,, തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജൂലൈ ഒന്നുമുതൽ കേരളത്തിലൂടെ ഓടുന്ന പല തീവണ്ടികളുടെ ചില സ്റ്റോപ്പുകൾ ഒഴിവാക്കാനുള്ള റെയിൽവേയുടെ തീരുമാനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ചില സ്റ്റോപ്പുകൾ നിർത്തലാക്കാനുള്ള റെയിൽവേയുടെ തീരുമാനം മൂലം മറ്റു സംസ്ഥാനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികളും തൊഴിലാളികൾളും നേരിടുന്ന ദുരിതം പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 24.06.2014-ലെ മറുപടിക്ക്

<u>സ്റ്റോപ്പുകൾ പുനഃസ്ഥാപിക്കുന്നിന് നടപടി</u>

3732 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചില തീവണ്ടികളുടെ സംസ്ഥാനത്തെ സ്റ്റോപ്പുകൾ നിർത്തലാക്കിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഏതെല്ലാം തീവണ്ടികളുടെ, ഏതെല്ലാം സ്റ്റോപ്പുകളാണ് നിർത്തലാക്കിയതെന്നും ഇതിന്റെ കാരണങ്ങൾ എന്താണെന്നും അറിയിക്കുമോ;

(സി) പ്രസ്തുത സ്റ്റോപ്പുകൾ പുനഃസ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 24.06.2014-ലെ മറുപടിക്ക്

ഗുരുവായൂർ- തിരുനാവായ റെയിൽ പാത

3733 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിർദ്ദിഷ്ട ഗുരുവായൂർ - തിരുനാവായ റെയിൽപാതയുടെ സർവ്വേ പൂർത്തീകരിച്ചിട്ടുണ്ടോ;

(ബി) ഇതിന്റെ അലൈൻമെന്റിൽ മാറ്റം വരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുത പാതയുടെ നിർമ്മാണത്തിനായി എന്തെല്ലാം കാര്യങ്ങളാണ് ഇതുവരെ നടന്നിട്ടുളളത് എന്ന് വിശദമാക്കുമോ;

(ഡി) പ്രസ്തുത പാത ഉപേക്ഷിക്കാൻ ആലോചിക്കുന്നുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 24.06.2014-ലെ മറുപടിക്ക്

<u>പാസഞ്ചർ ട്രെയിനുകൾ നിർത്തലാക്കാതിരിക്കാൻ നടപടി</u>

3734 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) രാവിലെ 7.30 ന് എറണാകുളത്ത് നിന്ന് പുറപ്പെട്ട് രാവിലെ 9.30 ന് ആലപ്പുഴയിലെത്തുന്ന പാസഞ്ചറും രാവിലെ 8.30 ന് കായംകുളത്ത് നിന്ന് പുറപ്പെട്ട് ആലപ്പുഴ വഴി എറണാകുളത്ത് എത്തുന്ന പാസഞ്ചറും ആഴ്ചകളായി വൈകിയാണ് ഓടുന്നതെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സർക്കാർ ജീവനക്കാർ ഉൾപ്പെടെ ആയിരക്കണക്കിന് സാധാരണക്കാർക്ക് ആശ്രയമായ പ്രസ്തുത ട്രെയിനുകൾ നിർത്തലാക്കുന്നതിന്റെ ഭാഗമായാണ് ഇപ്രകാരം വൈകിയോടുന്നതെന്ന പത്രവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത ട്രെയിനുകൾ നിർത്തലാക്കാതിരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 24.06.2014-ലെ മറുപടിക്ക്

<u>മാലിന്യസംസ്ക്കരണം</u>

T3735 ശ്രീ. മാത്യു റ്റി. തോമസ്
ശ്രീ. ജോസ് തെറ്റയിൽ
,, സി.കെ. നാണു
ശ്രീമതി. ജമീലാ പ്രകാശം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാലിന്യസംസ്ക്കരണത്തിനായി സംസ്ഥാനാടിസ്ഥാനത്തിൽ വിപുലമായ പദ്ധതികൾ നടപ്പിലാക്കുമെന്ന 2011-ലെ പ്രഖ്യാപനത്തിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) മാലിന്യസംസ്ക്കരണ വിഷയത്തിന്മേൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ എത്രത്തോളം സഹായിക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഇക്കാര്യത്തിനായി എന്തെങ്കിലും പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 24.06.2014-ലെ മറുപടിക്ക്

<u>ബയോമെഡിക്കൽ മാലിന്യ സംസ്കരണ പ്ലാന്റുകൾ</u>

3736 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
,, എം. പി. വിൻസെന്റ്
,, തേറമ്പിൽ രാമകൃഷ്ണൻ
,, വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബയോമെഡിക്കൽ മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് മലിനീകരണ നിയന്ത്രണ ബോർഡ് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കുമോ;

(സി) ആശുപത്രികളിൽ നിന്ന് പുറന്തള്ളപ്പെടുന്ന ബയോമെഡിക്കൽ മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യാൻ എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതി നിർവ്വഹണത്തിനുള്ള തുക എങ്ങനെ കണ്ടെത്താനാണുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ?